**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**<u>കെവിൻ എന്ന യുവാവിന്റെ കൊലപാതകം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2059** **11/06/2018-ൽ മറുപടിക്ക്**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**,, പി.ടി. തോമസ്**

**,, എം. വിൻസെന്റ്**

**,, വി.പി.സജീന്ദ്രൻ**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സ്റ്റേഷൻ ഹൗസ് ഓഫീസറായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചത് മൂലം ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ട് പോലീസ് സബ്ബ് ഇൻസ്പെക്ടർമാരുടെ കീഴിൽ വിഭജിച്ച് നൽകുന്നതിന് കഴിഞ്ഞതിലൂടെ കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പാക്കുവാനും, പോലീസിൽ നിന്നും മികച്ച സേവനം ജനങ്ങൾക്ക് ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ടോ;വിശദമാക്കുമോ; | (എ), (ബി), (സി), & (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കെവിൻ എന്ന യുവാവിനെ അർദ്ധരാത്രി വീടുകയറി ഗുണ്ടാസംഘം തട്ടിക്കൊണ്ടുപോയി എന്ന പരാതി ലഭിച്ചിട്ടും അതേപ്പറ്റി അന്വേഷിക്കുന്നതിനും, പോലീസിൽ നിന്നും മികച്ച സേവനം ഉറപ്പ് വരുത്തുന്നതിനും കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | | |
| (സി) | ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ കെവിന്റെ ഭാര്യ നീനു തന്റെ ഭർത്താവിനെ തട്ടിക്കൊണ്ടുപോയി എന്ന പരാതിയുമായി | | |

| | | | |
|---|---|---|---|
| | മണിക്കൂറുകളോളം പ്രസ്തുത പോലീസ് സ്റ്റേഷന് മുമ്പിൽ നിൽക്കേണ്ട അവസ്ഥ എപ്രകാരമുണ്ടായി എന്ന് അന്വേഷിക്കുമോ; | | |
| (ഡി) | മെഡിക്കൽകോളേജ് ആശുപത്രിയിൽ മേയ് 27-ാം തീയതി നടന്ന മുഖ്യമന്ത്രിയുടെ ചടങ്ങിന് സുരക്ഷാച്ചുമതല ഒരുക്കുന്ന ടീമിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലെ എസ്.ഐ. ഷിബുവിന് ച്ചുമതലയുണ്ടായിരുന്നോ; കുറ്റാന്വേഷണ ച്ചുമതലയുള്ള എസ്.ഐ. യ്ക്ക് സുരക്ഷാ ച്ചുമതല നൽകുവാനുണ്ടായ സാഹചര്യമെന്താണ്;വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ